

**വായനാമുറി** ● ടി. മുഹമ്മദ് വേളം




# പാഠങ്ങൾ പകരുന്ന ഓർമകൾ

**'അനുഭവങ്ങൾ**, അനുസ്മരണങ്ങൾ' എന്ന ഒ. അബ്ദുർറഹ്മാന്റെ പുസ്തകം ഒരാത്മകഥയല്ല. ഒരാത്മകഥയായിരുന്നു പ്രസാധകർ ആഗ്രഹിച്ചതും ആവശ്യപ്പെട്ടതുമെന്ന് ഗ്രന്ഥകാരൻ പറയുന്നുണ്ട്. തന്റെ തൊഴിൽ അത്തരമൊരു രചനക്കാവശ്യമായ ഏകാഗ്രതയെ തകർത്തുകളയുന്നു എന്നാണ് അദ്ദേഹം അതിനെക്കുറിച്ചു പറയുന്നത്.

ആത്മകഥയെഴുതാൻ അടിസ്ഥാനയോഗ്യതകൾ വേണോ എന്ന സംവാദം ഇന്ന് സജീവമാണ്. ആർക്കുമെഴുതാം. പക്ഷേ, ചില ആത്മകഥാലേഖനങ്ങൾ വിസ്തൃതമായ ചരിത്രത്തിന്റെ രേഖപ്പെടുത്തൽ കൂടിയാവും. ആത്മകഥയുടെ ശിൽപഘടനയിലെ ചരിത്രപുസ്തകങ്ങൾ. അത്തരമൊരു ചരിത്രപുസ്തകം രചിക്കാനുള്ള സാധ്യത വളരെ അധികമുള്ള ഒരു ജീവിതമാണ് ഈ ഗ്രന്ഥകാരന്റേത്. വ്യക്തിപരമെന്നതിനേക്കാൾ സാമൂഹികമായ ജീവിതം നയിക്കുന്ന, കൃതഹസ്തനായ ഒരെഴുത്തുകാരൻ കൂടിയായ ഒരാളുടെ ജീവിതം സ്വന്തം ഭാഷയിൽ രേഖപ്പെടുത്തപ്പെടാതെ പോവുന്നതിനെ എന്തിന്റെ പേരിലായാലും നഷ്ട

മെന്നല്ലാതെ വിളിക്കാനാവില്ല. ഈ പുസ്തകത്തെ ഒരു ചെറു ആത്മകഥ എന്നുവേണമെങ്കിൽ വിളിക്കാം.

ആശയങ്ങളേക്കാൾ മനുഷ്യരാണ് ഇതിലെ ഉള്ളടക്കം. ആശയങ്ങൾ പോലും മനുഷ്യനെന്ന, അനുഭവമെന്ന മാധ്യമത്തിലൂടെ പറയുന്ന പുസ്തകം. തത്ത്വശാസ്ത്ര കൃതിയിൽ നിന്ന് സാഹിത്യകൃതി വ്യത്യാസപ്പെടുന്ന ഒന്നാമത്തെ ബിന്ദു ഇതാണ്. ആ അർഥത്തിൽ ഇതൊരു സാഹിത്യകൃതിയാണ്. നിരവധി മത-രാഷ്ട്രീയ തത്ത്വശാസ്ത്ര ഗ്രന്ഥങ്ങൾ എഴുതുകയും വിവർത്തനം ചെയ്യുകയും ചെയ്ത ഗ്രന്ഥകാരന്റെ ഏക സാഹിത്യകൃതി. എല്ലാ ആത്മകഥനങ്ങളെയും നാം സാഹിത്യത്തിന്റെ ഗണത്തിലാണല്ലോ എണ്ണിപ്പോരാറുള്ളതും. മലയാള സാഹിത്യത്തിൽ ഇപ്പോൾ ഏറ്റവും പുഷ്ക്കലമായ സാഹിത്യശാഖ അനുഭവമെഴുത്താണല്ലോ? ആ സാഹിത്യശാഖയിലേക്കുള്ള മലയാളത്തിലെ പ്രഗത്ഭനായ ഒരു പത്രപ്രവർത്തകന്റെ, സാമൂഹിക പ്രവർത്തകന്റെ സംഭാവനയായിരിക്കും ഈ പുസ്തകം.

അത് മധുരലളിതമായി എഴുതിയിരിക്കുന്നതുകൊണ്ടുതന്നെ വായനക്കാരന് ഒരു മധുരസേവപോലെ അതകത്താക്കാൻ കഴിയും. അതിനിടയിൽ ആശയപരമായ ഒരുപാടു കലോറികൾ അറിഞ്ഞോ അറിയാതെയോ അകത്തുചെല്ലുകയും ചെയ്യും.

ആത്മകഥ, ജീവചരിത്രം, സർഗസാഹിത്യം ഇതിലൊക്കെ ഏറെ ദരിദ്രമായ ഈടുവെയ്പു മാത്രമേ മലയാളത്തിലെ ഇസ്‌ലാമിക പുസ്തക പ്രസാധനത്തിനവകാശപ്പെടാനുള്ളൂ. മൗദൂദി എന്ന ചിന്തകൻ ആവർത്തിച്ചു പരിചയപ്പെടുത്തപ്പെട്ട മലയാളത്തിൽ മൗദൂദി എന്ന മനുഷ്യനെ പരിചയപ്പെടുത്തുന്ന, മനുഷ്യമണമുള്ള ഒരു പുസ്തകം പുറത്തുവന്നത് ഈയിടെ മാത്രമാണ്. *മൗദൂദി സ്മൃതിരേഖകൾ.* കെ. മൊയ്തുമൗലവിയുടെ ഓർമക്കുറിപ്പുകൾ, കെ.ടി അബ്ദുറഹീം സാഹിബിന്റെ 'പ്രസ്ഥാനയാത്രകൾ' എന്നീ രണ്ടു പുസ്തകങ്ങൾ മാത്രമാണ് മലയാളത്തിന് ഇസ്‌ലാമിക പ്രവർത്തകരിൽനിന്നുലഭിച്ച രണ്ടേരണ്ട് ആത്മഭാഷണങ്ങൾ.

അഞ്ചു ഭാഗങ്ങളായാണ് ഈ പുസ്തകം ചിട്ടപ്പെടുത്തിയിരിക്കുന്നത്. തീർത്തും ആത്മകഥന സ്വഭാവമുള്ളതാണ് 'അനുഭവങ്ങൾ'. താൻ ഇടപഴകാനിടയായ ചില മനുഷ്യരെക്കുറിച്ചുള്ള സരസവും ഗുണപാഠസമേതവുമായ അനുഭവങ്ങളാണ് നുറുങ്ങുകൾ എന്ന ഭാഗത്തുള്ളത്. അതിലെ മൂന്നെണ്ണം ജിന്ന്, കൂടോത്ര, കുട്ടിച്ചാത്തൻ വിശ്വാസങ്ങളുടെ പൊട്ടത്തരം വെളിപ്പെടുത്തുന്നതാണ്. 'യാത്ര' എന്ന ഖണ്ഡത്തിൽ ബംഗ്ലാദേശ് യാത്രാവിവരണവും ഇന്തോനേഷ്യ, മലേഷ്യ, സിംഗപ്പൂർ യാത്രാവിവരണവുമാണുള്ളത്. ചരിത്രാഖ്യായിക എന്ന ഭാഗത്ത് ഉമറുബ്നു അബ്ദുൽ അസീസിന്റെ ഭാര്യ ഫാത്വിമയെക്കുറിച്ച ചരിത്രമാണ് നാടകീയമായ സ്വന്തം ഭാഷയിൽ പുനരാവിഷ്കരിച്ചിരിക്കുന്നത്. 'അനുസ്മരണങ്ങൾ' എന്ന അവസാനത്തേതും ഈ പുസ്തകത്തിലെ ഏറ്റവും ശ്രദ്ധേയമായതുമായ ഭാഗം 15 അനുസ്മരണങ്ങൾ ഉൾക്കൊള്ളുന്നതാണ്. അത് ഗ്രന്ഥകാരൻ വിഹരിച്ച ജീവിതത്തിന്റെ വൈവിധ്യമാർന്ന മേഖലകളെ പ്രതിനിധീകരിക്കുന്നവയാണ്. ഇടപഴകിയ ചിലരെ ഏറെ അഗാധമായി മനസ്സിലാക്കുകയും വികാരവിചാര സമഞ്ജസമായി രേഖപ്പെടുത്തുകയുമാണിവിടെ ചെയ്യുന്നത്. ഓരോരുത്തരുടെയും മരണത്തെത്തുടർന്ന് *പ്രബോധന*ത്തിലും *മാധ്യമ*ത്തിലുമെഴുതിയ കുറിപ്പുകളാണിവ. മഹത്വമുള്ളവർക്ക് മാത്രമേ മഹത്വമുള്ളവരെ മനസ്സിലാക്കാനും മഹത്വത്തിന്റെ ഭാഷയിൽ രേഖപ്പെടുത്താനും സാധിക്കുകയുള്ളൂ. ഈ അനുസ്മരണ ലേഖനങ്ങളെല്ലാം അദ്ദേഹവുമായി പൂർണമായ ആശയപ്പൊരുത്തമുള്ളവരെക്കുറിച്ചു മാത്രമല്ല, ടി.പി കുട്ട്യാമു സാഹിബ്, പ്രഫ. വി. മുഹമ്മദ്,

പി.എം മുഹമ്മദ് കോയ, ഇമ്പിച്ചിബാവ, പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ പോലുള്ള സംഘടനാപരിധിക്കു പുറത്തുള്ളവരും ഇക്കൂട്ടത്തിലുണ്ട്. സോഷ്യലിസ്റ്റ് നേതാവായിരുന്ന കെ.പി മുഹമ്മദിനെക്കുറിച്ച് അദ്ദേഹം *മാധ്യമ*ത്തിലെഴുതിയ കുറിപ്പ് ഇതിൽ ചേർക്കാമായിരുന്നു. ഓർത്താൽ ഇത്തരത്തിൽ വേറെയും കണ്ടേക്കും. സൗഹൃദം മാനവികതയുടെ സാക്ഷാത്കാരവും ഉയർന്ന രൂപവുമാണ്. മതത്തെയും സംഘടനയെയുമെല്ലാം അതിവർത്തിക്കുന്ന സൗഹൃദങ്ങളാണ് നമ്മുടെ പൊതുമണ്ഡലത്തിന്റെ ആത്മീയമായ ബലം. നർമം ഈ പുസ്തകത്തിന്റെ പൊതുഭാവമാണെന്നു പറയാം. മൂർച്ചയുള്ള നർമം ലേഖകന്റെ സ്വത്വമുദ്ര തന്നെയാണല്ലോ?

ഇ.വി അബ്ദുസാഹിബിനെക്കുറിച്ചുള്ള അനുസ്മരണം ഉജ്വലമായ ഒരു വായനാനുഭവമാണ്. ഗ്രന്ഥകാരൻ തന്നെ പറയുന്നതുപോലെ തന്നിൽനിന്ന് അഭിരുചിയിൽ ഏറെ വിഭിന്നനായ ഒരാളായിരുന്നു ഇ.വി. എന്നിട്ടും അവർക്കിടയിൽ നിലനിന്നിരുന്ന അഗാധസൗഹൃദത്തെ മനസ്സിലാക്കാൻ ഈ ഒരൊറ്റ പ്രസ്താവന മതിയാകും. "ദൈവം തമ്പുരാൻ ഒരു ദൂതനെ അയച്ച് മൺമറഞ്ഞവരിൽ ആരെയെങ്കിലും ഈ ദുനിയാവിൽ ജനിച്ചുവരാൻ നിനക്കാഗ്രഹമുണ്ടോ എന്നുചോദിച്ചാൽ ഒരു നിമിഷം പോലും ആലോചിക്കാതെ ഞാൻ പ്രതികരിക്കും, ഇ.വി അബ്ദു!....' ഏറെ ഹൃദയഹാരിയായ ഒരു വാചകം കൊണ്ടാണ് ആ അനുസ്മരണക്കുറിപ്പ് അവസാനിപ്പിക്കുന്നത്. "ഹൃദയം തകർന്നാണ് എന്റെ പ്രിയപ്പെട്ട സ്നേഹിതൻ മരിച്ചത്. കാരണം അദ്ദേഹത്തിന് ഒരു ഹൃദയം ഉണ്ടായിരുന്നു. അന്വേഷിക്കുകയും പഠിക്കുകയും ഓർക്കുകയും ചിരിക്കുകയും ചിന്തിക്കുകയും ചെയ്ത ഒരു ഹൃദയം..."

അക്ഷരത്തെറ്റിന്റെ ഒറ്റയാൾ പ്രകടനങ്ങൾ പലേടത്തുമുണ്ട്. 'വംഗബന്ധു' വംശബന്ധുവായതും ഈരടികൾ ഈടരികളായതുമൊക്കെ അങ്ങനെയാണ്. 'തലക്കുമീതെ ശൂന്യാകാശം താഴെ മരുഭൂമി' എന്ന നാടകഗാനം 'മുകളിൽ ശൂന്യാകാശം താഴെ മരുഭൂമി' എന്നു ഉദ്ധരിക്കപ്പെട്ടതുമൊക്കെ ശ്രദ്ധിച്ചാൽ ഒഴിവാക്കാൻ കഴിയുമായിരുന്നു. അനുസ്മരണക്കുറിപ്പുകളിൽ പറയപ്പെടുന്ന പല സംഭവങ്ങളുടെയും കാലം പുസ്തകത്തിൽ നിന്നറിയാൻ വഴിയില്ല എന്നതാണ് മറ്റൊരു പോരായ്മ. ചേന്ദമംഗല്ലൂർ ഖാദിയായിരുന്ന സഗീർ മൗലവിയെക്കുറിച്ച കുറിപ്പിൽ അവിടെ ടി.കെ അബ്ദുല്ല സാഹിബും കെ.സി അബ്ദുല്ല മൗലവിയും ചേർന്നു നടത്തിയ ഒരു സുന്നി മറുപടി പ്രസംഗത്തെക്കുറിച്ച് പറയുന്നുണ്ട്. പക്ഷേ, അത് സംഘടിപ്പിക്കപ്പെട്ടത് ഏതു വർഷമാണെന്ന് പുസ്തകത്തിൽ നിന്നറിയാൻ ഒരു വഴിയുമില്ല.

ഈ പുസ്തകം ഓർമയുടെ മനോഹരമായ ഒരു കാഴ്ചപ്പുരയാണ്. ഓർമ സംസ്കാരത്തിന്റെ ഖജനാവാണ്. ഈ പുസ്തകത്തിന്റെ പൊതുരസം എന്തെന്നു ചോദിച്ചാൽ അത് മുനകൂർത്ത നർമമാണെന്നു ഞാൻ പിന്നെയും പറയും. എത്രയോ ഉദാഹരണങ്ങൾ ഉദ്ധരിക്കാനുണ്ട്. ഇസ്‌ലാമികപ്രവർത്തകർ അരസികരും ചിരിക്കാത്തവരുമാണെന്ന സൗഹൃദവിമർശകർക്ക് ഈ പുസ്തകം ഞാൻ സ്നേഹപൂർവം റഫർ ചെയ്യും.

ഒറ്റയിരിപ്പിന് വായിച്ചുതീർക്കാവുന്ന ഈ പുസ്തകം ഇസ്‌ലാമിക സാഹിത്യത്തിലെ ആത്മകഥനശാഖയിലെ ശൂന്യതയിലെ ഒരു ചെറുവെളിച്ചമാണ്. ■

**പ്രസാധനം വചനം ബുക്സ്**
**മാവൂർ റോഡ്, കോഴിക്കോട്**